ചീഫ് എഞ്ചിനീയർക്ക് 22 ലക്ഷം രൂപ ഫിഷറീസ് ഡയറക്ടർ അനുവദിച്ചിട്ടുണ്ട്. അതനുസരിച്ച് ടെണ്ടറുകൾ വിളിക്കുകയും ഏറ്റവും കുറഞ്ഞ നിരക്ക് 34.5% എസ്റ്റിമേറ്റിനെക്കാൾ കൂടുതൽ എന്ന പ്രകാരം ലഭിക്കുകയും ചെയ്തു. അതു പ്രകാരം ആകെ 29,13,920 രൂപ ടി പ്രവൃത്തിക്ക് ആവശ്യമായതിനാൽ നേരത്തെ അനുവദിച്ച 22 ലക്ഷം രൂപയ്ക്കു പുറമേ 7.14 ലക്ഷം രൂപ കൂടി ആവശ്യമായി വരുമെന്ന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർ അറിയിക്കുകയുണ്ടായി. എന്നാൽ പത്താം ധനകാര്യ കമ്മീഷൻ അവാർഡിലെ തുകയുടെ അപര്യാപ്തതമൂലം ചെലവ് 22 ലക്ഷത്തിൽ അധികരിക്കാതെ പദ്ധതി നടപ്പിലാക്കാൻ ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) 22 ലക്ഷം രൂപ അടങ്കൽ തുകയിൽ നിജപ്പെടുത്തി പണി ഏറ്റെടുക്കാനാണ് അനുവദിച്ചിട്ടുള്ളത്.

ചീക്കോട് ശുദ്ധജലവിതരണ പദ്ധതി

82 [3336] *ശ്രീ. വി. കെ. സി. മമ്മത്കോയ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചീക്കോട് ശുദ്ധജലവിതരണ പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതിയുടെ ഗുണഫലം ലഭ്യമാകുമെന്ന് കണക്കാക്കുന്ന ഓരോ പഞ്ചായത്തുകളിലും ഇതുവരെ നടപ്പിലാക്കിയ പ്രവൃത്തികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 10 m വ്യാസമുള്ള കിണറിന്റെയും പമ്പ്ഹൗസിന്റെയും പണി ചാലിയാർ പുഴയുടെ തീരത്ത് ഇരട്ടമുഴി എന്ന സ്ഥലത്ത് 2002 നവംബറിൽ ആരംഭിക്കുകയും മാർച്ച് 2004-ൽ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 900 മി. മീ. വ്യാസമുള്ള 1500 മീറ്റർ CI റോ വാട്ടർ പമ്പിംഗ് മെയിൻ പൂർത്തിയായി. 23 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഭൂതല സംഭരണി പൂർത്തിയായി (ചുള്ളിയോട്). ശുദ്ധീകരണശാലയിലേക്കുള്ള അപ്രോച്ച് റോഡിന്റെ പണി പൂർത്തിയായി. പുതുക്കിയ NIT തയ്യാറാക്കി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

മറ്റു പ്രവൃത്തികൾ ശുദ്ധീകരണശാലയുടെ പ്രവൃത്തി തുടങ്ങിയതിനുശേഷം ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) മലപ്പുറം ഡിവിഷന്റെ പരിധിയിൽ വരുന്ന ചീക്കോട്, കുഴിമണ്ണ, മുതുവല്ലൂർ, പുളിക്കൽ, പള്ളിക്കൽ, വാഴയൂർ, വാഴക്കാട്, ചെറുകാവ് എന്നീ പഞ്ചായത്തുകൾക്കും കോഴിക്കോട് ഡിവിഷന്റെ പരിധിയിൽ വരുന്ന ഫറോക്ക്, കരുവാൻതുരുത്തി വില്ലേജുകൾക്കും ആണ് ഈ പദ്ധതിയുടെ ഗുണഫലം ലഭിക്കുന്നത്. പദ്ധതിക്ക് പൊതുവായി വരുന്ന കിണർ, പമ്പ്ഹൗസ്, പമ്പിംഗ് മെയിൻ എന്നിവ പൂർത്തിയായി. മറ്റു പ്രവൃത്തികൾ ശുദ്ധീകരണശാലയുടെ പ്രവൃത്തി ആരംഭിച്ചതിനുശേഷമേ ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ.

തെക്കുംകര സമഗ്ര ശുദ്ധജല പദ്ധതിയുടെ നിർമ്മാണം

83 [3337] *ശ്രീ. എ. സി. മൊയ്തീൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ തെക്കുംകര സമഗ്ര ശുദ്ധജല പദ്ധതിയുടെ നിർമ്മാണം ഏത് ഘട്ടത്തിലാണ്;

(ബി) കടങ്ങോട് ശുദ്ധജല വിതരണ പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള പ്രവൃത്തികളുടെ പുരോഗതി എന്താണെന്ന് വ്യക്തമാക്കാമോ;

(സി) ഈ രണ്ട് പദ്ധതികളും എന്നേക്ക് കമ്മീഷൻ ചെയ്യാനാകും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തെക്കുംകര സമഗ്ര ശുദ്ധജല പദ്ധതിയുടെ ജലശുദ്ധീകരണശാലയുടെ പണി പൂർത്തീകരിച്ചു. വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജലസംഭരണിയുടേയും ശുദ്ധീകരണശാലയിൽ നിന്നും ജല സംഭരണിയിലേക്കുള്ള ഗ്രാവിറ്റി മെയിനിന്റെയും പണി പൂർത്തീകരിച്ചിട്ടുണ്ട്. ജല ഉറവിടത്തിന്റെ സ്ഥലത്ത് കിണർ കുഴിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കുള്ള ദർഘാസിന്റെ അനുമതി നൽകുന്നതിനുള്ള പരിശോധന പൂർത്തിയാക്കിയിട്ടുണ്ട്. വിതരണശൃംഖലയുടെ പണികൾ സപ്ലൈയിംഗ് ആന്റ് ലേയിംഗ് അടിസ്ഥാനത്തിൽ ചെയ്യുന്നതിനുവേണ്ടിയുള്ള എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുണ്ട്.

(ബി) കടങ്ങോട് ശുദ്ധജലവിതരണ പദ്ധതിയുടെ ജലഉറവിടത്തിന്റെയും ജല സംഭരണിയുടെയും പണികളും ട്രാൻസ്ഫോർമർ, പമ്പ്സെറ്റ് സ്ഥാപിക്കൽ എന്നിവയും പൂർത്തീകരിച്ചിട്ടുണ്ട്. പമ്പിംഗ് മെയിനിന്റെ പണി പൂർത്തീകരിച്ച് ചാർജ്ജിംഗ്, കമ്മീഷനിംഗ് എന്നീ ജോലികൾ നടന്നുവരുന്നുണ്ട്. എന്നാൽ മഴക്കാലമായതിനാൽ പ്രസ്തുത ജോലികൾ തൽക്കാലം നിർത്തിവച്ചിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly